# ഇഹ്സാൻ
# അഥവാ ഇബാദത്ത് നന്നാക്കൽ

**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

عن عمر بن الْخطابِ ﷺ أن جِبريلَ قَالَ لرسولِ الله ﷺ: فَأخبِرنِي عن الْإحسان؟ قَالَ: أَنْ تعبد الله كَأنك تراه ، فَإِنْ لم تكُن تراه فَإنه يراك.

ഉമർ ഇബ്നുൽ ഖത്താബ്ﷺവിൽ നിന്നും നിവേദനം, ജിബ്‌രീൽﷺ നബിﷺ യോട് പറഞ്ഞു: «ഇഹ്സാനിനെക്കുറിച്ച് താങ്കൾ എന്നോട് പറഞ്ഞാലും. അപ്പോൾ അദ്ദേഹം പറഞ്ഞു: «അല്ലാഹുവിനെ നീ കാണുന്നതുപോലെ ആരാധിക്കുക, അവനെ നീ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.»

وفي حديث أَبِي هريرةَ ﷺ أن جِبريلَ قَالَ لرسولِ الله ﷺ: فَأخبِرنِي عن الْإحسان قَالَ: أَنْ تخشى الله كَأنك تراه فَإنك إِنْ لَا تكُن تراه فَإنه يراك.

അബൂ ഹുറയ്റﷺവിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്: ജിബ്‌രീൽ ﷺ നബി ﷺയോട് പറഞ്ഞു: 'ഇഹ്സാനിനെക്കുറിച്ച് താങ്കൾ എന്നോട് പറഞ്ഞാലും. അപ്പോൾ അദ്ദേഹം പറഞ്ഞു: «അല്ലാഹുവിനെ നീ ഭയക്കുക; നീ അവനെ കാണുന്നത് പോലെ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.»

عن عبد الله بن عمر ﷺ قَالَ: أَخذَ رسولُ الله ﷺ بِبعضِ جسدي. فَقَالَ: اعبد الله كَأنك تراه

അബ്ദുല്ലാഹ് ഇബ്നു ഉമർﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ എന്റെ ശരീരത്തിൽ പിടിച്ചു, എന്നിട്ട് പറഞ്ഞു: «നീ അല്ലാഹുവിനെ ആരാധിക്കുക; നീ അവനെ കാണുന്നതുപോലെ» (അഹ്മദ്: 6156)